# 62

# പെസഹാ

## (26:17- 29)

കാലനിർണ്ണയം മുഴുവൻ വ്യക്തമല്ലെങ്കിലും, പെസഹാക്കുള്ള ഒരുക്കങ്ങൾ നടത്തിയത് വ്യാഴാഴ്ച്ചയാണ് (26:17-19). പെസഹ ആചരിക്കലും തിരുവത്താഴം സ്ഥാപിക്കലും അന്നു വൈകുന്നേരം നടന്നു. യെഹൂദന്മാർ ദിവസം കണക്കാക്കുന്നതനുസരിച്ച് (വൈകുന്നേരം 6.00 മുതൽ രാവിലെ 6.00 വരെ), അത് വെള്ളിയാഴ്ച്ചയായിരുന്നു (26:20-29).

### ഒരുക്കം (26:17-19)

**17 പുളിപ്പില്ലാത്ത അപ്പത്തിന്റെ ഒന്നാം നാളിൽ ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ വന്നു; നീ "പെസഹ കഴിപ്പാൻ ഞങ്ങൾ ഒരുക്കേണ്ടത് എവിടെ" എന്നു ചോദിച്ചു. 18 അതിന്നു അവൻ പറഞ്ഞത്, "നിങ്ങൾ നഗരത്തിൽ ഇന്നവന്റെ അടുക്കൽ ചെന്നു എന്റെ സമയം അടുത്തിരിക്കുന്നു; 'ഞാൻ എന്റെ ശിഷ്യന്മാരുമായി നിന്റെ അടുക്കൽ പെസഹ കഴിക്കും എന്നു ഗുരു പറയുന്നു" ' " എന്നു പറവിൻ. 19 ശിഷ്യന്മാർ യേശു കൽപിച്ചതുപോലെ ചെയ്തു പെസഹ ഒരുക്കി.**

**വാക്യം 17.** മിസ്രയിം അടിമത്വത്തിൽനിന്നും യിസ്രായേലിനെ **വിടുവിച്ചു കൊണ്ടുവന്നതിന്റെ** ഓർമ്മക്കായി യെഹൂദന്മാർ ആചരിക്കേണ്ട ഒന്നായിരുന്നു "പെസഹ." ദൈവം മിസ്രയിമ്യരുടെ ആദ്യജാതന്മാരെ സംഹാര ദൂതനാൽ നശിപ്പിച്ചപ്പോൾ, യിസ്രായേൽ ജനം താമസിച്ചിരുന്ന വീടുകളുടെ പടിമേൽ രക്തം പുരട്ടുവാനാവശ്യപ്പെടുകയും അങ്ങനെ മരണം യിസ്രായേലിനെ കടന്നുപോകയും ചെയ്തതിനെ അവർ ഓർക്കണമായിരുന്നു (പുറ. 12:13, 23, 27). ആ ആഴ്ച്ചയിൽ ഏഴു ദിവസം പുളിപ്പില്ലാത്ത അപ്പം ഭക്ഷിച്ച് ഒറ്റ രാത്രിയിലെ സംഭവമായിരുന്നു പെസഹാ-രാത്രി. ആ കാലയളവിനെ മൊത്തത്തിൽ "പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ" എന്നാണ് വിളിച്ചിരുന്നത് (പുറ. 12:15-20; ലേവ്യ. 23:4-8; സംഖ്യ. 28:16-25; ആവ. 16:1-8). **പുളിപ്പില്ലാത്ത അപ്പത്തിന്റെ ഒന്നാം നാൾ** പെസഹ ഭക്ഷിച്ചിരുന്നതിനാൽ, അതിനെ "പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ" എന്നും "പെസഹാ" എന്നും മാറി മാറി വിളിച്ചിരുന്നു (മർ. 14:1, 12; ലൂക്കൊ. 22:7).

യെഹൂദ മാസമായിരുന്ന അഹിബ് മാസത്തിലോ അല്ലെങ്കിൽ, നിസാൻ മാസത്തിലോ പതിനാലാം ദിവസമായിരുന്നു പെസഹാ ഔദ്യോഗികമായി ആഘോഷിച്ചിരുന്നത്. ന്യായപ്രമാണമനുസരിച്ച്, പെസഹക്കുഞ്ഞാടിനെ ആ മാസം പത്താം തീയതി തിരഞ്ഞെടുക്കണമായിരുന്നു. അവർ കുഞ്ഞാടിനെ പതിനാലാം തീയതി വരെ വീട്ടിൽ സൂക്ഷിച്ചിട്ടുവേണം യാഗം കഴിക്കുവാൻ (പുറ. 12:2-6). അതിനെ അറുക്കേണ്ടത് "സന്ധ്യക്കായിരുന്നു," അതിന്റെ അക്ഷരികമായ അർത്ഥം "വൈകുന്നേരങ്ങൾക്കിടക്ക്" എന്നാണ്, ആ പ്രയോഗം

സൂചിപ്പിക്കുന്നത് യാഗം വൈകുന്നേരത്തിനും ഇരുട്ടിനും ഇടക്ക് എന്നാണ്.

പുതിയനിയമ കാലമായപ്പോഴേക്ക്, പെസഹക്കുഞ്ഞാടിനെ യാഗമർപ്പിക്കുന്നത് ഒമ്പതാം മണി നേരത്തിനും പതിനൊന്നാം മണി നേരത്തിനും ഇടക്കായിരുന്നു (3.00 നും 5.00 നും ഇടക്ക്).[1] പെരുന്നാളിന് ആയിരക്കണക്കിനു തീർത്ഥാടകർ യെരുശലേമിൽ വരുമെന്നതിനാൽ, ദൈവാലയത്തിൽ യാഗമർപ്പിച്ചിരുന്നത് വലിയ മൂന്നു ഷിഫ്റ്റുകളായിട്ടായിരുന്നു. മൃഗത്തെ കൊണ്ടുവരുന്നവർക്കായിരുന്നു അവയെ കൊല്ലുന്ന ഉത്തരവാദിത്തവും. അവർ മൃഗത്തെ കൊല്ലുന്നതിനായി കൊളുത്തുകളിൽ കെട്ടി മതിലിനോട് ചേർത്തുനിർത്തും. കുഞ്ഞാടുകളിൽനിന്നൊഴുകുന്ന രക്തം, പുരോഹിതന്മാർ നിരനിരയായി നിന്നു അർപ്പിക്കുവാനായി പാത്രങ്ങളിൽ ശേഖരിക്കും. യാഗപീഠത്തിനടുത്തു നിൽക്കുന്ന പുരോഹിതൻ തന്റെ പാത്രത്തിലെ രക്തം യാഗപീഠത്തിന്റെ ചുവട്ടിൽ ഒഴിക്കും. മൃഗത്തിന്റെ യാഗത്തിന്റെ ശേഷിച്ച ഭാഗത്തിൽ കുറെ യാഗപീഠത്തിൽ ദഹിപ്പിക്കുവാൻ പുരോഹിതനു നൽകും, ആടിന്റെ ശേഷിച്ച ഭാഗങ്ങൾ അവർ വീട്ടിലേക്ക് കൊണ്ടുപോകും. മാംസം മണ്ണടുപ്പിൽ മരപ്പാത്രത്തിൽ റോസ്റ്റ് ചെയ്ത് പെസഹാ അപ്പത്തോടൊപ്പം ഭക്ഷിക്കും.[2]

**വാക്യം 18.** എവിടെ പെസഹ ഒരുക്കണമെന്ന അപ്പൊസ്തലന്മാരുടെ ചോദ്യത്തിനുത്തരമായി, അവരിൽ രണ്ടു പേരോട് യെരുശലേമിൽ **പോയി ഒരു മനുഷ്യനെ** കാണുവാൻ പറഞ്ഞു. അയാൾ ഒരു കുടം വെള്ളവുമായി വരുന്നതു കാണുമെന്നായിരുന്നു അടയാളമായി പറഞ്ഞത് (മർ. 14:13; ലൂക്കൊ. 22:10). സാധാരണ സ്ത്രീകളാണ് വെള്ളം കോരുന്നത്, ആകയാൽ അവർക്ക് ഈ മനുഷ്യനെ പെട്ടെന്ന് തിരിച്ചറിയുവാൻ കഴിഞ്ഞു. ശിഷ്യന്മാർ അയാളെ പിൻഗമിച്ച് അയാളുടെ വീട്ടിൽ ചെന്ന് ഇരട്ട സന്ദേശമായിരുന്നു നൽകേണ്ടിയിരുന്നത്.

ആ സന്ദേശത്തിലെ ഒന്നാം ഭാഗം "**എന്റെ സമയം അടുത്തിരിക്കുന്നു**" എന്നതു സൂചിപ്പിക്കുന്നത് യേശുവിന്റെ ആസന്നമായ മരണത്തെയാണ്. പെസഹയുടെ ഒരുക്കങ്ങൾ നടത്തേണ്ടിയിരുന്നത് വ്യാഴാഴ്ച്ചയായിരുന്നു, കാരണം വെള്ളിയാഴ്ച്ച യേശുവിനെ ക്രൂശിൽ തറയ്ക്കുവാനിരിക്കുന്നു. അതേ ഭാഷ യോഹന്നാന്റെ സുവിശേഷത്തിലും കാണാം. "സമയം" (*കായിറോസ്*) എന്നതിനു പകരം "നാഴിക" (*ഹോറാ*) എന്നാണ് (യോഹ. 2:4; 7:30; 8:20; 12:23; 13:1; 17:1; മത്താ. 26:45).

സന്ദേശത്തിന്റെ രണ്ടാം ഭാഗം "**ഞാൻ എന്റെ ശിഷ്യന്മാരുമായി നിന്റെ അടുക്കൽ പെസഹ കഴിക്കും**." ശിഷ്യന്മാർ ചോദിക്കേണ്ടിയിരുന്നത് ലൂക്കൊസ് പറയുന്നു, "ഞാൻ എന്റെ ശിഷ്യന്മാരുമായി പെസഹ കഴിപ്പാനുള്ള ശാല എവിടെ എന്നു ഗുരു നിന്നോട് ചോദിക്കുന്നു" (ലൂക്കൊ. 22:11). കൂടുതൽ മുറികളുള്ളവർ യെരുശലേമിൽ പെസഹ ആഘോഷിപ്പാൻ വരുന്ന മറ്റു യെഹൂദ കുടുംബങ്ങൾക്ക് അവ സാധാരണ പങ്കിടുമായിരുന്നു. യേശു തന്നെ **ഗുരു** എന്നു പറയുന്നതിനാൽ ആ മനുഷ്യൻ ഒരു ശിഷ്യനായിരിക്കാം.

**വാക്യം 19. ശിഷ്യന്മാർ** യേശു പറഞ്ഞതുപോലെ ചെയ്തപ്പോൾ, എല്ലാം അവൻ പറഞ്ഞതുപോലെ സംഭവിച്ചു. പിന്നെ **അവർ പെസഹ ഒരുക്കി**. കുഞ്ഞാടിനെ യാഗം കഴിക്കയും മാംസം പാചകം ചെയ്യുകയും, കൂടാതെ പുളിപ്പില്ലാത്ത അപ്പം, വീഞ്ഞ്, കയ്പ് ചീര, ചോരോസേത്ത് (പഴച്ചാറും പരിപ്പും അരച്ചുചേർത്ത്) തുടങ്ങിയവ വാങ്ങുകയും വേണമായിരുന്നു.

## ഒറ്റിക്കൊടുക്കുന്നവനെ
## അറിയിക്കുന്നു (26:20-25)

**[20]സന്ധ്യയായപ്പോൾ അവൻ പന്ത്രണ്ട് ശിഷ്യന്മാരോടുകൂടെ പന്തിയിലി
രുന്നു. [21]അവർ ഭക്ഷിക്കുമ്പോൾ അവൻ, "നിങ്ങളിൽ ഒരുവൻ എന്നെ കാണി
ച്ചുകൊടുക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു" എന്നു പ
റഞ്ഞു. [22]അപ്പോൾ അവർ അത്യന്തം ദുഃഖിച്ചു; "ഞാനോ ഞാനോ കർത്താ
വേ," എന്ന് ഓരോരുത്തൻ പറഞ്ഞു തുടങ്ങി. [23]അവൻ ഉത്തരം പറഞ്ഞത്,
"എന്നോടുകൂടെ കൈ താലത്തിൽ മുക്കുന്നവൻ തന്നെ എന്നെ കാണിച്ചു
കൊടുക്കും." [24]തന്നെ കുറിച്ച് എഴുതിയിരിക്കുന്നതുപോലെ മനുഷ്യപു
ത്രൻ പോകുന്നു സത്യം; മനുഷ്യപുത്രനെ കാണിച്ചുകൊടുക്കുന്നവനോ ഹാ
കഷ്ടം; ആ മനുഷ്യൻ ജനിക്കാതിരുന്നു എങ്കിൽ അവന്നു കൊള്ളായിരുന്നു.
[25]എന്നാറെ അവനെ കാണിച്ചു കൊടുക്കുന്ന യൂദാ "റബ്ബീ" എന്നു പറഞ്ഞ
തിന്ന്, "നീ തന്നെ" എന്നു അവൻ പറഞ്ഞു.**

**വാക്യം 20.** 26:20–25 ലെ സംഭാഷണം നടന്നപ്പോഴേക്കും, **വൈകുന്നേരം** ആകുകയും **യേശു പന്ത്രണ്ടു ശിഷ്യന്മാർക്കും** പെസഹാ പങ്കിട്ടുകൊടുക്കയും ചെയ്യുകയായിരുന്നു. അവൻ യൂദായുടെയടക്കം – എല്ലാവരുടേയും കാലുകൾ കഴുകിക്കഴിഞ്ഞിരുന്നു – അത് അവരുടെ നിഗള സ്വഭാവത്തിന് താഴ്മ എന്ന ഗുണപാഠം അവരെ പഠിപ്പിക്കുന്നതിനായിരുന്നു (യോഹ. 13:3–11).[3] അന്നത്തെ ആചാരം അനുസരിച്ച്, ലെണാർഡോ ഡാ വിൻസി വരച്ചിരിക്കുന്നതുപോലെ, യേശുവും ശിഷ്യന്മാരും മേശയിലായിരുന്നില്ല ഇരുന്നത്. പകരം, ഒരുപക്ഷെ പൊക്കം കുറഞ്ഞ **മേശക്ക്** ചുറ്റും **ചാഞ്ഞ്** (*അനാകെയിമായി*) ഇരുന്നിരിക്കാം.

ആരംഭത്തിൽ, നിന്നുകൊണ്ടായിരുന്നു പെസഹ ഭക്ഷിച്ചിരുന്നത്. യഹോവ യിസ്രായേൽമക്കളോട് പറഞ്ഞത് "അര കെട്ടിയും കാലിന്നു ചെരിപ്പിട്ടും കയ്യിൽ വടി പിടിച്ചുംകൊണ്ട് തിന്നേണം" എന്നാണ് (പുറ. 12:11). ദൈവം അവരെ മിസ്രയിമിൽനിന്ന് പുറപ്പെടുവാൻ വിടുവിക്കുമെന്ന് അപ്പോഴും അവർ വിശ്വസിക്കണമായിരുന്നു. എങ്ങനെയായാലും, യേശുവിന്റെ കാലത്ത് പെസഹ ചാഞ്ഞിരുന്നാണു ഭക്ഷിച്ചിരുന്നത്.

ഗ്രീക്ക്-റോമാ സംസ്ക്കാര സ്വാധീനത്താൽ യെഹൂദന്മാർ *ട്രൈക്ലിനിയം* ആയിരുന്നു ഉപയോഗിച്ചിരുന്നത്. ഈ ഭക്ഷണരീതി ഏർപ്പെടുത്തിയത് ഒരു യു-ആകൃതിയിലുള്ള കൗച്ചിലായിരുന്നു; അതിന്റെ മൂന്നു വശങ്ങളും മുറിക്കു ചുറ്റുമായി വികസിപ്പിച്ചിരുന്നു. ഭക്ഷണം കഴിക്കുന്നതിനായി ഉയരം കുറഞ്ഞ ഒരു മേശയും ഇട്ടിരിക്കും. അയാളുടെ ആദരണീയരായ വിരുന്നുകാർ അവരുടെ വശങ്ങളിലോ അല്ലെങ്കിൽ വയറുകളുന്നി, കാലുകൾ മേശയിൽനിന്നകറ്റി വെക്കും. ഇടത്തുകൈമുട്ട് തറയിൽ ഊന്നി വലത്തുകൈകൊണ്ടായിരുന്നു ഭക്ഷിച്ചിരുന്നത്. ആതിഥേയൻ മദ്ധ്യത്തിലും, വിരുന്നുകാർ ഇടത്തും വലത്തുമായി ഇരിക്കും. ഈ സന്ദർഭത്തിൽ യേശു ആതിഥേയനായി സേവിക്കുകയായിരുന്നു. യേശുവിന്റെ പ്രിയ ശിഷ്യൻ അവന്റെ വലത്തുഭാഗത്തായി ഇരുന്നിരുന്നു (യോഹ. 13:23). ഏ. ഡി. 79-ൽ വെസൂവിയസ് പർവ്വതസ്ഫോടനത്തിൽ പൊങ്ങി വന്ന പുരാതന ലോകത്തെ *ട്രൈക്ലീനിയം* മാതൃക സൂക്ഷിച്ചു വെച്ചിട്ടുള്ളത് പോംപായിയിൽ കാണാം.

ഒന്നാം നൂറ്റാണ്ടായപ്പോഴേക്ക്, യെഹൂദന്മാർ പെസഹാ ഭക്ഷിക്കുന്നതിന്

"സേവന ക്രമം" (*സെഡെർ*) രൂപപ്പെടുത്തിയിരുന്നു.[4] വാഴ്ത്തിയശേഷം, ആദ്യത്തെ കപ്പ് വീഞ്ഞ് വിളമ്പും. അതിനെ തുടർന്നു കയ്പ്പു ചീരയും പുളിപ്പില്ലാത്ത അപ്പവും തിന്നും.[5] പിന്നെ അടുത്ത കപ്പ് വീഞ്ഞ് ഒഴിക്കും. പുറപ്പാട് 12:26 അനുസരിച്ച്, ഒരു മകൻ അപ്പനോട് പെസഹായുടെ അർത്ഥം ചോദിക്കും. അപ്പൻ വ്യക്തിപരമായി അനുഭവിച്ചതുപോലെ മിസ്രയിമിന്റെ അടിമത്വത്തിൽനിന്ന് വിടുവിച്ചതും അവിടെ നിന്നു പുറപ്പെട്ടുവന്നതും വിശദീകരിച്ചുകൊടുക്കും (പുറ. 13:8). ഹല്ലേലിന്റെ ആദ്യത്തെ ഭാഗം (സങ്കീ. 113; 114) പാടുന്നതായിരുന്നു, പിന്നെ മൂന്നാമത്തെ കപ്പ് വീഞ്ഞ് ഒഴിക്കും. പിന്നെയായിരുന്നു പെസഹാ കുഞ്ഞാടിന്റെ മാംസവും[6] പുളിപ്പില്ലാത്ത അപ്പവും തിന്നിരുന്നത്. പിന്നീട് നാലാമത്തെ കപ്പ് വീഞ്ഞ് ഒഴിക്കുകയും ഹല്ലേലിന്റെ രണ്ടാം ഭാഗം പാടുകയും ചെയ്യും (സങ്കീ. 115–118).

**വാക്യം 21.** പെസഹാ കഴിച്ചുകൊണ്ടിരുന്നപ്പോൾ, അവരിൽ ഒരാൾ തന്നെ **ഒറ്റിക്കൊടുക്കും** എന്ന് യേശു ശിഷ്യന്മാരോട് പറഞ്ഞു. ശിഷ്യന്മാർക്ക് അത് വിശ്വസിപ്പാൻ കഴിയാതെ, അവർ ഓരോരുത്തൻ താന്താനിലേക്ക് വിരൽ ചൂണ്ടുവാൻ തുടങ്ങി. ലൂക്കൊസിന്റെ വിവരണമനുസരിച്ച്, "ഇതു ചെയ്യുവാൻ പോകുന്നത് തങ്ങളുടെ കൂട്ടത്തിൽ ആർ ആയിരിക്കും എന്ന് അവർ തമ്മിൽ തമ്മിൽ ചോദിച്ചു തുടങ്ങി" (ലൂക്കൊ. 22:23).

**വാക്യം 22.** തങ്ങളുടെ യജമാനനെ ഒറ്റിക്കൊടുക്കുക എന്ന ചിന്ത ശിഷ്യന്മാർക്ക് ചിന്തിക്കുവാൻ പോലും പ്രയാസമുള്ള കാര്യമായിരുന്നു. ആകയാൽ അത് കേട്ടപ്പോൾ അവർക്ക് **അത്യന്തം ദുഃഖമുണ്ടായി** (17:23; 18:31 നോക്കുക). "**ഞാൻ അല്ലല്ലോ കർത്താവേ**" എന്നു **ഓരോരുത്തരും** ചോദിച്ചു. നിഷേധ ഉത്തരം ഊന്നിയുള്ള ചോദ്യമായിരുന്നു ("തീർച്ചയായും ഞാനല്ലല്ലോ, കർത്താവേ?") എന്നത്.

**വാക്യം 23.** യേശു പ്രതികരിച്ചു, "**എന്നോടുകൂടെ കൈ താലത്തിൽ മുക്കുന്നവൻ തന്നെ എന്നെ ഒറ്റിക്കൊടുക്കും**." പുളിപ്പില്ലാത്ത അപ്പം സോസിൽ മുക്കുന്നതിനെയാണ് അതു സൂചിപ്പിക്കുന്നത്.[7] ആ സംസ്ക്കാരത്തിൽ ഒരേ പാത്രത്തിൽനിന്നു ഭക്ഷിക്കുന്നത് സൗഹൃദത്തെയും ഐക്യതയെയുമാണ് കാണിക്കുന്നത്. ആഹാരം മറ്റൊരാളുമായി പങ്കിടുന്നത് "ഞാൻ നിങ്ങളെ ഉപദ്രവിക്കുകയില്ല" എന്നു തെളിയിക്കുന്നതാണ്. യേശുവിനോടുകൂടെ കൈ താലത്തിൽ മുക്കി ഭക്ഷിക്കുന്ന യൂദാ തന്റെ ഗുരുവിനെ ഒറ്റിക്കൊടുക്കുന്നത് വളരെ നിന്ദാകരമാണ്. സങ്കീർത്തനക്കാരൻ വിലപിക്കുന്നു, "ഞാൻ വിശ്വസിച്ചവനും എന്റെ അപ്പം തിന്നവനുമായ എന്റെ പ്രാണസ്നേഹിതൻ പോലും എന്റെ നേരെ കുതികാൽ ഉയർത്തിയിരിക്കുന്നു" (സങ്കീ. 41:9). യൂദാ യേശുവിനെ ഒറ്റിക്കൊടുത്തത് അവന്റെ ജീവിതത്തിലെ അന്തിമ നിറവേറലായിട്ടാണ് യോഹന്നാൻ കാണുന്നത് (യോഹ. 13:18).

**വാക്യം 24.** കർത്താവ് തുടർന്നു പറഞ്ഞു, **മനുഷ്യപുത്രൻ പോകേണ്ടതാകുന്നു** – അതായത് അവൻ ക്രൂശിൽ മരിക്കുവാൻ പോകുന്നു. അവനെ കുറിച്ച് **എഴുതിയിരിക്കുന്നതുപോലെ** എന്ന പ്രയോഗം അർത്ഥമാക്കുന്നത്, യേശുവിന്റെ മരണം പഴയനിയമ തിരുവെഴത്തുകളുടെ നിവർത്തീകരണമായിരുന്നു എന്നാണ് (സങ്കീ. 22:16; യെശ. 53:3–12). യേശുവിന്റെ മരണം ദൈവം മുൻനിർണ്ണയിച്ചതായിരുന്നുവെങ്കിലും, യൂദായുടെ പ്രവൃത്തിക്ക് അവൻ തന്നെയായിരുന്നു ഉത്തരവാദി (പ്രവൃ. 2:23; 3:13–19; 13:27–29). അവന്റെ കുറ്റവും അതിനുള്ള ശിക്ഷയും നിമിത്തം യേശു പറഞ്ഞു, "**അവൻ ജനിക്കാതിരുന്നുവെങ്കിൽ**

**അവനു കൊള്ളായിരുന്നു."**

**വാക്യം 25.** യേശുവിനെ **ഗുരോ** ("എന്റെ കർത്താവേ") എന്ന് വിളിച്ച് മറ്റു അപ്പൊസ്തലന്മാർ ചോദിച്ച അതേ ചോദ്യം **യൂദയും** ചോദിച്ചു. **"തീർച്ചയായും ഞാൻ അല്ലല്ലൊ?"** (26:22 നോക്കുക). **യേശു അവനോട് പറഞ്ഞു, "നീ തന്നെ.''** പരോക്ഷമായി "അതെ" എന്നു പറയുന്നതായിരുന്നു അത്. പിന്നീട് യേശു മഹാപുരോഹിതനോട് അതേ രീതിയിൽ ഉത്തരം പറഞ്ഞു (26:64).

ഈ രംഗങ്ങളുടെ കൂടുതൽ വിവരങ്ങൾക്ക് യോഹന്നാൻ 13:23–30 നോക്കുക. "കർത്താവേ, അവൻ ആർ" എന്ന് അവർ ചാഞ്ഞിരുന്നു ചോദിച്ചപ്പോൾ, യോഹന്നാൻ യേശുവിന്റെ മടിയിലേക്ക് ചാഞ്ഞ് കിടന്നിരുന്നു. യേശു അതിന്നു മറുപടി പറഞ്ഞത്, "ഞാൻ ആർക്ക് അപ്പഖണ്ഡം മുക്കി കൊടുക്കുന്നുവോ അവൻ തന്നെ." ഉടനെ "അവൻ അപ്പഖണ്ഡം എടുത്ത് മുക്കി യൂദായ്ക്ക് കൊടുത്തു." സാത്താൻ യൂദായിൽ പ്രവേശിച്ചിരുന്നു, തന്നെ ഒറ്റിക്കൊടുക്കുന്നവനോട് യേശു പറഞ്ഞു, "നീ ചെയ്യുന്നത് വേഗത്തിൽ ചെയ്യുക." ആ പ്രസ്താവന യേശു അവനോട് പറഞ്ഞത് എന്തുകൊണ്ടാണെന്ന് മറ്റു ശിഷ്യന്മാർക്ക് മനസിലായില്ല. യേശു യൂദായെ പെരുന്നാളിന് സാധനങ്ങൾ വാങ്ങുവാനോ അല്ലെങ്കിൽ ദരിദ്രരെ സഹായിക്കുവാനോ മറ്റോ അയച്ചതാകുമെന്നാണ് അവർ വിചാരിച്ചത്. യൂദാ ഇരുട്ടിൽ പെട്ടെന്ന് കടന്നു പോയി.

## കർത്തൃമേശ
## സ്ഥാപിക്കൽ (26:26-29)

**[26]അവർ ഭക്ഷിക്കുമ്പോൾ, യേശു അപ്പം എടുത്ത് വാഴ്ത്തി ശിഷ്യന്മാർക്കു കൊടുത്തു. "വാങ്ങി ഭക്ഷിപ്പിൻ, ഇതു എന്റെ ശരീരം" എന്നു പറഞ്ഞു. [27]പിന്നെ പാനപാത്രം എടുത്തുസ്തോത്രം ചൊല്ലി അവർക്ക് കൊടുത്തു. "എല്ലാവരും ഇതിൽനിന്നു കുടിപ്പിൻ. [28]ഇതു അനേകർക്കു വേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയനിയമത്തിനുള്ള എന്റെ രക്തം; [29]എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടുകൂടെ പുതുതായി കുടിക്കും നാൾ വരെ ഞാൻ മുന്തിരിവള്ളിയുടെ ഈ അനുഭവത്തിൽനിന്ന് ഇനി കുടിക്കയില്ല എന്നു ഞാൻ നിങ്ങളോട് പറയുന്നു എന്നു പറഞ്ഞു."**

തൻെറ ശിഷ്യന്മാരുമായി പെസഹ ഭക്ഷിക്കുന്നതിനിടയിൽ, യേശു ഒരു ജ്ഞാപകം സ്ഥാപിക്കുകയും, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ അവന്റെ ശിഷ്യന്മാർ ഇന്നു വരെ അത് ആചരിക്കുകയും ചെയ്യുന്നു. പുതിയ നിയമത്തിൽ അതിനെ "അപ്പം നുറുക്കൽ" (പ്രവൃ. 2:42; 20:7, 11 നോക്കുക), "കൂട്ടായ്മ" (1 കൊ. 10:16; കെജെവി), "കർത്താവിന്റെ മേശ" (1 കൊ. 10:21), "കർത്തൃമേശ" (1 കൊ. 11:20) എന്നെല്ലാം പറഞ്ഞിരിക്കുന്നു. "ദ യൂക്കാരിസ്റ്റ്" എന്ന പേരിലും ഈ ജ്ഞാപകത്തെ അറിയപ്പെടുന്നു, അത് ഗ്രീക്ക് ലിപി മാറ്റിയതാണ്, അർത്ഥം, "സ്തോത്രം ചൊല്ലൽ" (*യൂക്കാരിസ്റ്റിയ*), "നന്ദി ചെലുത്തൽ" എന്നു തർജിമ ചെയ്തിരിക്കുന്നു.[8] ബന്ധപ്പെട്ട ക്രിയ (*യൂക്കാരിസ്റ്റെയോ*), "സ്തോത്രം ചെയ്യുക," എന്നാണ്, ആ ജ്ഞാപക സ്ഥാപനം നാല് സുവിശേഷങ്ങളിലും കാണാം (26:27; മർ. 14:23; ലൂക്കൊ. 22:19; 1 കൊ. 11:24).

**വാക്യം 26.** പെസഹാ സംഭവങ്ങളെ കുടുംബാംഗങ്ങൾക്ക് വിശദമാക്കി കൊടുക്കുന്ന ഒരു അപ്പന്റെ പങ്കായിരുന്നു യേശു നിർവ്വഹിച്ചത്. ഈ സന്ദർഭ

ത്തിൽ, പെസഹാ ഭക്ഷണത്തിലെ രണ്ട് മൂലകങ്ങൾക്ക് അവൻ പ്രത്യേക അർത്ഥം നൽകി. ഒന്ന്, **യേശു അപ്പം എടുത്ത് വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്ക് കൊടുത്തുകൊണ്ട് പറഞ്ഞു, "വാങ്ങി, ഭക്ഷിപ്പിൻ; ഇത് എന്റെ ശരീരം.**" അത് പെസഹാ അപ്പം ആകയാൽ, പുളിപ്പില്ലാത്ത അപ്പമായിരുന്നു (പുറ. 12:8). യെഹൂദന്മാർ അപ്പത്തെ വാഴ്ത്തിയിരുന്നത് ഇങ്ങനെയായിരുന്നു: "ഭൂമിയിൽനിന്നും അപ്പം നൽകുന്ന, പ്രപഞ്ചത്തിന്റെ രാജാവായ ദൈവമേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു" (14:19 ന്റെ പരാമർശം നോക്കുക).

അവൻ ശരീരത്തിലിരിക്കുമ്പോഴായിരുന്നു "ഇത് എന്റെ ശരീരം" എന്നു പറഞ്ഞത്, അതുകൊണ്ട്, അത് അവന്റെ ശരീരമായി മാറിയിരുന്നില്ല. മറിച്ച്, അപ്പം അവന്റെ ശരീരത്തെ പ്രതിനിധാനം ചെയ്യുന്നതായിരുന്നു. അവൻ പിന്നെയും പറഞ്ഞു, "ഇത് നിങ്ങൾക്ക് വേണ്ടി നൽകപ്പെടുന്ന ശരീരം, എന്റെ ഓർമ്മക്കായി ഇവ്വണ്ണം ചെയ്‌വിൻ" (ലൂക്കൊ. 22:19). പൗലൊസ് പിന്നീട് കൊരിന്ത്യരെ ആ പ്രസ്താവന ഓർമ്മിപ്പിച്ചു (1 കൊ. 11:24).

**വാക്യം 27.** അടുത്തതായി, **അവൻ പാനപാത്രം എടുത്ത് വാഴ്ത്തി അവർക്ക് കൊടുത്തുകൊണ്ട് പറഞ്ഞു, "എല്ലാവരും, വാങ്ങി കുടിപ്പിൻ.**" തീർച്ചയായും, യേശു ഊന്നൽ കൊടുത്തത്, പാത്രങ്ങളേക്കാൾ പാത്രങ്ങളിലുള്ളതിനാണ്. "പാനപാത്രം" എന്നത് മെറ്റോണമി ആയിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്, അതായത് ഒന്നിനുപകരം അതുമായി ബന്ധപ്പെട്ട മറ്റൊന്നിനെ പറയുന്ന രീതിയാണ് അത്.

"അത്താഴം കഴിഞ്ഞശേഷം, ... യേശു പാനപാത്രം എടുത്തു" എന്നു പൗലൊസ് പറഞ്ഞതുകൊണ്ട് (1 കൊ. 11:25), ആ സേവനക്രമത്തിൽ അതു മൂന്നാമത്തെ പാത്രമെന്ന് കരുതാവുന്നതാണ് (26:20 ന്റെ പരാമർശം നോക്കുക). മാർവിൻ ആർ. വിൽസൻ എഴുതി, "പുറപ്പാട് 6:6-ൽ വാഗ്ദാനം ചെയതിരിക്കുന്ന 'ഞാൻ നിങ്ങളെ വീണ്ടെടുക്കും' എന്നത് റബ്ബിമാരുടെ എഴുത്തുകളിലെ 'നാല് വീണ്ടെടുപ്പുകളിലെ' "[9] മൂന്നാമത്തേതാണ് ഇത്. അപ്പത്തിനു മുൻപും പിൻപും പാനപാത്രം എടുത്തു എന്നാണ് ലൂക്കൊസ് വിവരിച്ചിരിക്കുന്നത്. എങ്ങനെയായാലും, രണ്ടാമത്തേതിന് കർത്താവ് പ്രത്യേക അർത്ഥം കൊടുത്തിരിക്കാം (ലൂക്കൊ. 22:17-20).[10] അനുഗ്രഹത്തിന്റെ പാത്രം എന്നാണ് പൗലൊസ് അതിനെ പറഞ്ഞിരിക്കുന്നത് (1 കൊ. 10:16).

**വാക്യം 28.** പിന്നെ യേശു പാനപാത്രത്തിന്റെ പ്രാധാന്യത്തെ വിവരിച്ചു: **"ഇത് അനേകർക്ക് വേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം.**" വീണ്ടും, അത് അക്ഷരികമായ രക്തമായിരുന്നില്ല, കാരണം അവൻ അവരുടെ മദ്ധ്യേ ഉണ്ടായിരുന്നു; "അവന്റെ രക്തം ചിന്തിയിരുന്നുമില്ല." പാത്രമായിരുന്നില്ല അവന്റെ രക്തത്തെ പ്രതിനിധാനം ചെയ്തത്, മറിച്ച് അതിനകത്തുള്ളതായിരുന്നു ഗോൽഗോഥയിൽ വെച്ച് ചിന്തിയ രക്തത്തെ പ്രതിനിധാനം ചെയ്തത്.

ചില പുരാതന കയ്യെഴുത്തുകളിൽ "നിയമം" എന്ന വാക്കിനു മുൻപ് "പുതിയ"[11] എന്ന് ചേർത്തിരിക്കുന്നു. ഈ നിയമം സ്ഥാപിക്കുന്നതിന് അനേകം വർഷങ്ങൾക്ക് മുൻപ് പുതിയ ഒരു നിയമത്തെ കുറിച്ച് യിരെമ്യാ പ്രവാചകൻ പ്രവചിച്ചിരുന്നു (യിരെ. 31:31-34). യിരെമ്യാവിൽനിന്നുദ്ധരിച്ച് എബ്രായലേഖകൻ ക്രിസ്തു മുഖാന്തരം ഒരു ശ്രേഷ്ഠമായ നിയമം സ്ഥാപിച്ചിരിക്കുന്നതായി പറയുന്നു (എബ്രാ. 8:6-13).

പഴയനിയമം പോലെ, പുതിയനിയമം സ്ഥാപിക്കുവാനും രക്തം അനിവാ

ര്യമായിരുന്നു (“നിയമത്തിനുള്ള രക്തം”). എബ്രായർ 9:15-22 അത് വിശദമായി പ്രതിപാദിക്കുന്നുണ്ട്. മോശെ യിസ്രായേൽ മക്കൾക്ക് ന്യായപ്രമാണം നൽകിയപ്പോൾ, അത് അനുസരിക്കാമെന്ന് അവർ സമ്മതിച്ചപ്പോൾ, അവൻ കാളക്കിടാങ്ങളുടെ രക്തം എടുത്ത് നിയമപുസ്തകത്തിന്മേലും ആളുകളിലും തളിച്ചു (പുറ. 24:5-8). യേശു പുതിയനിയമത്തിന്റെ മദ്ധ്യസ്ഥനായി വരികയും, ആളുകളുടെ പാപം കഴുകുവാനായി സ്വന്തരക്തം ചിന്തുകയും ചെയ്തു. ആദ്യ നിയമത്തെ പോലെ, പുതിയനിയമവും പ്രാബല്യത്തിൽ വരുത്തുവാൻ അവൻ മരിക്കേണ്ടിയിരുന്നു, അതിലുപരിയായി, ആളുകളുടെ പാപങ്ങളുടെ മോചനത്തിന് രക്തം ചിന്തേണ്ടതും ആവശ്യമായിരുന്നു.

തന്റെ രക്തം “അനേകർക്ക് വേണ്ടി ചിന്തുവാനിരിക്കുന്നു” എന്നു യേശു പറഞ്ഞപ്പോൾ, അവൻ യെശയ്യാവ് 53 ലെ ഭാഷയാണ് ഉപയോഗിച്ചത്. ആ വലിയ പ്രവചനത്തിൽ കഷ്ടതയേൽക്കുന്ന ദാസൻ “അനേകരുടെ പാപം വഹിച്ച്, മരണത്തിന് തന്നെത്തന്നെ ഏൽപിച്ചുകൊടുക്കുമെന്ന്” പ്രവചിച്ചിരുന്നു (യെശ. 53:12). സർവ്വലോകത്തിന്റേയും പാപങ്ങൾക്കുള്ള പ്രായശ്ചിത്ത ബലിയായിരുന്നു യേശുവിന്റേത്. ഈ സന്ദർഭത്തിൽ, “അനേകം” എന്നു പറഞ്ഞിരിക്കുന്നതിനർത്ഥം, “സുവിശേഷം അനുസരിക്കുന്ന എല്ലാവരും” എന്നാണ് (20:28 ന്റെ പരാമർശം നോക്കുക).

**വാക്യം 29**. യേശു അപ്പൊസ്തലന്മാരോട് പറഞ്ഞു, “**എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടുകൂടെ പുതുതായി കുടിക്കുംനാൾ വരെ ഞാൻ മുന്തിരിവള്ളിയുടെ ഈ അനുഭവത്തിൽനിന്നു കുടിക്കുകയില്ല**.”[12] “മുന്തിരിവള്ളിയുടെ അനുഭവം” എന്ന പ്രയോഗം (*ജെനെമെറ്റോസ് ടെസ് അംബെലോവ്*), മർക്കൊസ് 14:25 ലും ലൂക്കൊസ് 22:18 ലും കാണാം, അത് യെഹൂദന്മാർ പൊതുവിൽ ഉപയോഗിച്ചു വന്നതായിരുന്നു. അവരുടെ ഒരു പ്രത്യേക പ്രാർത്ഥനയായിരുന്നു, “മുന്തിരിവള്ളിയുടെ അനുഭവം സൃഷ്ടിച്ച പ്രപഞ്ചത്തിന്റെ രാജാവായ, യഹോവയായ ദൈവം വാഴ്ത്തപ്പെട്ടവൻ”[13] എന്നത്. വാക്യം 27-ൽ യേശു പാനപാത്രം എടുത്തു വാഴ്ത്തിയപ്പോൾ, ഒരുപക്ഷെ അതേ വാക്കുകൾ ഉപയോഗിച്ചിരിക്കാം.

“മുന്തിരിവള്ളിയുടെ അനുഭവം” എന്ന പ്രയോഗത്തിന്റെ അർത്ഥം വാദിക്കപ്പെട്ടിരിക്കുന്നു. ജാക് പി. ലേവിസ് പറഞ്ഞു, “മുന്തിരിവള്ളിയുടെ അനുഭവം ... എന്നു പറയുന്നതിൽ അത് വീഞ്ഞാണോ അതോ അപ്പോൾ എടുത്ത മുന്തിരിച്ചാറാണോ എന്ന് വ്യക്തമല്ല. മുന്തിരി പഴുക്കുന്നത് പാലസ്തീനിൽ വേനൽക്കാലത്താകയാലും, ശീതീകരണം അന്ന് ഇല്ലാതിരുന്നതിനാലും ..., വസന്തകാലത്ത് പുതിയ മുന്തിരിച്ചാർ പെസഹക്ക്, ലഭ്യമായിരുന്നില്ല.”[14]

എങ്ങനെയായാലും, യെഹൂദന്മാർ, വീഞ്ഞ് വെള്ളം ചേർത്താണ് ഉപയോഗിച്ചിരുന്നത്. മിഷ്നാ പറയുന്നതനുസരിച്ച്, “വീഞ്ഞ് വെള്ളം ചേർക്കുന്നതിനു മുൻപ് അവർ അതിനെ വാഴ്ത്തുന്ന പതിവില്ലായിരുന്നു.” വെള്ളം ചേർക്കുന്നതിനുമുൻപ് വാഴ്ത്തിയിരുന്നതായി മറ്റു എഴുത്തുകൾ സൂചിപ്പിക്കുന്നു.[15] പെസഹായ്ക്ക് എടുത്തിരുന്ന ഓരോ പാനപാത്രം വീഞ്ഞ് എടുക്കുമ്പോഴും “വെള്ളം ചേർത്ത് വാഴ്ത്തുമായിരുന്നു”[16] എന്നാണ് മിഷ്നായിലെ പെസഹാ വിവരിക്കുന്നത് - വെള്ളമല്ലാതെ മറ്റൊന്നും ചേർത്തിരുന്നില്ല. പെസഹാ വീഞ്ഞ് മൂന്നിലൊന്നു വീഞ്ഞും മൂന്നുഭാഗം വെള്ളവും ചേർത്തിരുന്നതായിട്ടാണ് താൽമൂദിൽ വിവരിക്കുന്നത്.[17] ആരംഭ ക്രിസ്ത്യാനികളും വെള്ളം ചേർത്താണ് വീഞ്ഞ് ഉപയോഗിച്ചിരുന്നത്. ഇങ്ങനെയായിരുന്നു അവർ കർത്തൃ

മേശക്ക് വീണ്ട് എടുത്തിരുന്നതെന്ന് പല എഴുത്തുകളും പറയുന്നു.[18]

അത്താഴത്തെ മുഴുവനും സൂചിപ്പിച്ചുകൊണ്ടാണ്, "മുന്തിരിവള്ളിയുടെ അനുഭവം" എന്നു വാക്യം 29-ൽ പറയുന്നത്. ഏതെങ്കിലും ഒന്നിന്റെ ഒരു ഭാഗം എടുത്ത് അതിനെ മുഴുവൻ പ്രതിപാദിക്കുന്നതിന് ഉദാഹരണമാണ് - ഇവിടെ പറഞ്ഞിരിക്കുന്നത്. "അവൻ [തന്റെ] പിതാവിന്റെ രാജ്യത്തിൽ ഇനി കഴിക്കുന്നതു വരെ ഇതിൽ നിന്ന് ഇനി പങ്കിടുകയില്ല എന്നാണ് കർത്താവ് ശിഷ്യന്മാരോട് പറഞ്ഞത്."

ആ പ്രസ്താവന രണ്ടു രീതിയിലാണ് വ്യാഖ്യാനിക്കപ്പെട്ടിട്ടുള്ളത്. ഒന്ന്, രാജ്യം (സഭ) പെന്തെകൊസ്തുനാളിൽ ലോകത്തിൽ സ്ഥാപിതമായതുകൊണ്ട് (പ്രവൃ. 2), ഈ ഓർമ്മപ്പെരുന്നാൾ ശിഷ്യന്മാർ എടുക്കുമ്പോൾ, അവൻ അവരോടൊപ്പം പങ്കെടുക്കും എന്ന് വാഗ്ദാനം ചെയ്യുന്നു. ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ സഭ കർത്തൃമേശ എടുക്കുവാൻ കൂടിവരുമ്പോൾ, അദൃശ്യനായി അവൻ നമ്മെ നയിക്കുകയാണ്.

രണ്ട്, അവസാനം സ്വർഗരാജ്യത്തിൽ ശിഷ്യന്മാർക്ക് ക്രിസ്തുവുമായുണ്ടാകുവാനിരിക്കുന്ന കൂട്ടായ്മയെ കുറിച്ചുമായിരിക്കാം അവൻ പറഞ്ഞത്. ഈ മശിഹാ വിരുന്നിനെ കുറിച്ചായിരിക്കാം പല വേദഭാഗങ്ങളും പറയുന്നത് (8:11; ലൂക്കൊ. 13:29; 14:15; 22:16, 17, 29, 30; വെളി. 19:9). "ആ നാൾ" എന്നു പൊതുവായി പറഞ്ഞിരിക്കുന്നത് അവസാന ദിവസത്തെ സൂചിപ്പിച്ചാണ് (24:36; ലൂക്കൊ. 21:34; 2 തെസ്സ. 1:10; 2 തിമൊ. 1:18; 4:8).

രണ്ട് അർത്ഥത്തിനും സാധ്യതയുള്ളതായി ലേവിസ് കാണുന്നുണ്ടെങ്കിലും ഉയർന്ന സാധ്യത രണ്ടാമത്തേതിനാണുള്ളത് എന്നു പറഞ്ഞിരിക്കുന്നു:

> പണ്ഡിതന്മാർ പൊതുവിൽ [യേശുവിന്റെ പ്രസ്താവനയിലെ] സ്വർഗീയമായ വിരുന്ന് ... അക്ഷരികമായി എടുക്കരുത് എന്നു ശഠിച്ചിരുന്നയായി ചൂണ്ടിക്കാട്ടിയിരുന്നു ... എന്നാൽ വാസ്തവത്തിൽ കർത്താവ് ആളുകളെ കൂട്ടിച്ചേർത്ത് കൂട്ടായ്മ ആചരിക്കേണ്ടത് "അവൻ വീണ്ടും വരുന്നതുവരെയാണ്" (1 കൊ. 11:26). വരുവാനുള്ളതിന്റെ നിഴലായിരുന്നു അവരുടെ കൂട്ടായ്മ.[19]

യേശു കർത്തൃമേശ സ്ഥാപിച്ചപ്പോൾ, അവൻ പറഞ്ഞതിന്റേയും ചെയ്തതിന്റേയും പ്രാധാന്യം ശിഷ്യന്മാർക്ക് മനസിലാക്കുവാൻ പ്രയാസം നേരിട്ടിരുന്നു. അവൻ ഉയർത്തെഴുന്നേറ്റശേഷമാണ് ആ കാര്യങ്ങളെല്ലാം ശരിയായി അവർക്ക് മനസിലാക്കുവാൻ കഴിഞ്ഞത് (ലൂക്കൊ. 24:44-47). സഭ ആരംഭിച്ചപ്പോൾ, യേശുവിനെ വിശ്വസിച്ച് സ്നാനപ്പെട്ടവർക്ക്, ആത്മാവ്-നിറഞ്ഞ അപ്പൊസ്തലന്മാർ കർത്തൃമേശയെ വിവരിച്ചുകൊടുത്തിരിക്കും. ആ പുതിയ പരിവർത്തകർ "അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും *അപ്പം നുറുക്കിയും* പ്രാർത്ഥന കഴിച്ചും പോന്നു" (പ്രവൃ. 2:42; എംഫസിസ് ആഡഡ്). മത്തായി സുവിശേഷം എഴുതിയപ്പോഴേക്കും, കർത്തൃമേശ നന്നായി-സ്ഥാപിക്കപ്പെട്ടു കഴിഞ്ഞിരുന്നു. അത് സ്ഥാപിച്ച രാത്രിയിൽ അപ്പൊസ്തലന്മാർക്ക് മനസിലായിരുന്നില്ലെങ്കിലും, ആരംഭ വായനക്കാർക്ക് അർത്ഥം മനസിലായിരുന്നു.[20]

## പാഠങ്ങൾ

**പെസഹാ (26:17-19)**

മിസ്രയിമിലെ മനുഷ്യരുടേയും മൃഗങ്ങളുടേയും ആദ്യജാതന്മാരെ സംഹരിച്ച രാത്രിയിൽ ദൈവം സ്ഥാപിച്ചതായിരുന്നു പെസഹാ (പുറ. 11:4, 5; 12:12, 13, 23–29). തന്റെ നിർദ്ദേശങ്ങൾ പാലിച്ചാൽ യിസ്രായേലിൽ ആരും മരിക്കുകയില്ല എന്നു ദൈവം വാഗ്ദാനം ചെയ്തിരുന്നു (പുറ. 11:7). ഓരോ വീട്ടുകാർക്കുമായി ഒരു-വയസ്-പ്രായമുള്ള ഊനമില്ലാത്ത ആട്ടിൻകുട്ടിയെ ജനങ്ങൾ യാഗം കഴിക്കുവാൻ ദൈവം മോശെ മുഖാന്തരം നിർദ്ദേശം കൊടുത്തിരുന്നു (പുറ. 12:3–5). ഓരോ കുടുംബവും ആ ആട്ടിൻകുട്ടിയെ ആ മാസം പതിനാലാം തീയതി വരെ സൂക്ഷിച്ച് അർത്ഥരാത്രി അതിനെ കൊല്ലുകയും, അതിനുശേഷം രാത്രിയിൽ മാംസം പുളിപ്പില്ലാത്ത അപ്പത്തോടും കയ്പുചീരയോടും കൂടെ തിന്നണമായിരുന്നു (പുറ. 12:6, 8). ആ ദിവസം യിസ്രായേലിന്റെ ചരിത്രത്തിൽ ഓർമ്മിക്കത്തക്കതായി. ആ നിർണ്ണായക നിമിഷം അവരുടെ കലണ്ടറിനെ തന്നെ മാറ്റി മറിച്ചു. ആദ്യ പെസഹാ ദിനം അവരുടെ വർഷത്തിലെ ആദ്യമാസമായി തീർന്നു (പുറ. 12:2), അതിനെ കനാന്യപേരായി അബിബ് എന്നാണ് വിളിച്ചിരുന്നത് (പുറ. 13:4), കൂടാതെ, അതിന്റെ ബാബേൽ പേർ നിസാൻ എന്നായിരുന്നു (എസ്. 3:7; നെഹെ. 2:1).

ഏതു രീതിയിലാണ് ആ ഭക്ഷണം കഴിക്കേണ്ടതെന്ന് യിസ്രായേൽമക്കൾക്ക് കർശനമായ നിർദ്ദേശം നൽകിയിരുന്നു. പെസഹക്കുഞ്ഞാട് പൂർണ്ണമായും തീയിൽ പാചകം ചെയ്യണമായിരുന്നു; അത് പച്ചക്കോ പുഴുങ്ങിയോ കഴിക്കരുതായിരുന്നു. കുഞ്ഞാടിനെ മുഴുവനും ആ രാത്രിയിൽ ദഹിപ്പിക്കണമായിരുന്നു; അല്ലെങ്കിൽ ശേഷിപ്പും കത്തിക്കണമായിരുന്നു (പുറ. 12:9, 10). ഓരോ കുടുംബത്തിനും ഓരോ കുഞ്ഞാടായിരുന്നു വേണ്ടത്; ചെറിയ രണ്ടുകുടുംബങ്ങൾക്ക് ഒന്നിനെ പങ്കിടുകയും ചെയ്യാമായിരുന്നു (പുറ. 12:4). അറിയിപ്പുണ്ടായാൽ, ഒരു നിമിഷം കൊണ്ട് യാത്ര പുറപ്പെടുവാൻ മുഴുവൻ വസ്ത്രവും ധരിച്ച് കാലിന്നു ചെരിപ്പും ഇട്ട് വേണമായിരുന്നു, പങ്കെടുക്കുന്നവരെല്ലാം പെസഹാ ഭക്ഷിക്കുവാൻ (പുറ. 12:11). അവർ ഭക്ഷണം കഴിച്ചിരുന്ന വീടുകളുടെ കട്ടിളപ്പടിമേലും ജനൽപ്പടിമേലും രക്തം പുരട്ടുകയും വേണമായിരുന്നു (പുറ. 12:7).

ആ സംഭവത്തെ ദൈവം “പെസഹാ” എന്നു വിളിച്ചു (പുറ. 12:11), കാരണം രക്തം പുരട്ടിയ വീടുകളെ കാണുമ്പോൾ അവൻ കടന്നുപോകുമായിരുന്നു. മോശെ യിസ്രായേൽ മക്കളുടെ മൂപ്പന്മാരെ കൂട്ടി വരുത്തി അവർക്ക് ദൈവത്തിന്റെ നിർദ്ദേശങ്ങൾ കൊടുത്തിരുന്നു. അതു ശാശ്വത നിയമമായിരുന്നു. വാഗ്ദത്ത ദേശത്ത് എത്തിയപ്പോഴും അവർ തുടരുകയും അവരുടെ മക്കൾക്ക് അതിന്റെ അർത്ഥമെന്തെന്ന് വിശദീകരിച്ചുകൊടുക്കയും ചെയ്തിരുന്നു (പുറ. 12:24–27).

ക്രിസ്ത്യാനികളോട് പെസഹാ ആചരിക്കുവാൻ പറഞ്ഞിട്ടില്ല. അതിൽ നമുക്ക് ഒരു പ്രസക്തിയുമില്ല. പൗലൊസ് എഴുതി, “നിങ്ങൾ പുളിപ്പില്ലാത്തവരായിരിപ്പാൻ തക്കവണ്ണം പുതിയ പിണ്ഡം ആകേണ്ടതിന്നു പഴയ പുളിമാവിനെ നീക്കി കളവിൻ; നമ്മുടെ പെസഹക്കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു; ക്രിസ്തു തന്നെ” (1 കൊ. 5:7). പെസഹക്ക് പെസഹക്കുഞ്ഞാട് അറുക്കപ്പെട്ടിരുന്നതുമായി ബന്ധപ്പെടുത്തിയാണ് ക്രിസ്തുവിന്റെ മരണത്തെ കുറിച്ച് പ

ൗലൊസ് പറഞ്ഞിരിക്കുന്നത്. തങ്ങളെ ദൈവജനമായി തിരഞ്ഞെടുത്തതിനേയും മിസ്രയിമിൽനിന്നു വിടുവിച്ചു കൊണ്ടുവന്നതിന്റേയും ഓർമ്മ അവരിൽ നില നിർത്തേണ്ടിയിരുന്നു. നമ്മുടെ പാപങ്ങൾക്ക് വേണ്ടിയുള്ള ക്രിസ്തുവിന്റെ യാഗത്തെ കുറിച്ച് പൗലൊസ് എഴുതുന്നത്, ക്രിസ്ത്യാനികളായ നാം നമ്മുടെ വീടുതലും പ്രത്യേകജനമായി, കർത്താവിന്റെ സഭയായി തിരഞ്ഞെടുത്തതും നാം ഓർക്കണം എന്നാണ്.

യിസ്രായേൽമക്കൾ വാഗ്ദത്ത ദേശത്ത് പ്രവേശിക്കുമ്പോൾ, അവരുടെ പുതിയ ജീവിതത്തിനു തടസമായേക്കാവുന്ന സകലവും നീക്കം ചെയ്യേണ്ടിയിരുന്നതുപോലെ, ക്രിസ്ത്യാനികളായ നാം ഓരോരുത്തരും നമ്മുടെ പുതിയ ക്രിസ്തീയ ജീവിതത്തിനു തടസമായ എല്ലാ പാപസ്വഭാവങ്ങളും പ്രവൃത്തികളും നീക്കം ചെയ്യണം (കൊലൊ. 3:1–11).

## യൂദാ നഷ്ടമാക്കിയത് (26:20-25)

പെസഹാ ഭക്ഷിക്കൽ അവസാനിപ്പിക്കുന്നതിനു മുൻപ് തന്നെ യൂദാ സംഘം വിട്ട് പോയി (യോഹ. 13:30), പല അർത്ഥവത്തായ അനുഭവങ്ങളും നഷ്ടമാക്കി. കർത്തൃമേശ സ്ഥാപിച്ചപ്പോൾ അവൻ ഹാജരായിരുന്നില്ല, അത് പാപപരിഹാരത്തിനായുള്ള ക്രിസ്തുവിന്റെ അവസാന യാഗത്തിന്റെ ഓർമ്മക്കായിരുന്നു (26:26–29). യോഹന്നാൻ 14:1–21 വരെ യേശു മറ്റു അപ്പൊസ്തലന്മാർക്ക് നൽകിയ പ്രചോദനങ്ങൾ അവനു ലഭിച്ചില്ല. പരിശുദ്ധാത്മാവ് അപ്പൊസ്തലന്മാരിൽ വന്നു അവരെ ആശ്വസിപ്പിക്കുമെന്നും, അവരെ അവൻ ക്രിസ്തുവിന്റെ വാക്കുകളെല്ലാം ഓർമ്മിപ്പിക്കുമെന്നും, അവരെ സകല സത്യത്തിലും അവൻ വഴിനടത്തുമെന്നുമുള്ള വാഗ്ദാനത്തെ അവൻ അറിഞ്ഞിരുന്നില്ല (യോഹ. 14:23–27; 15:26, 27; 16:13–15). അവനിൽ വസിക്കുന്നതിന്റെ പ്രാധാന്യത്തെ എടുത്തു കാണിച്ച് മുന്തിരിവള്ളിയുടേയും കൊമ്പുകളുടേയും ഉപമ പഠിപ്പിച്ചപ്പോഴും അവൻ ഇല്ലായിരുന്നു (യോഹ. 15:1–17). വിശ്വാസികൾക്ക് തമ്മിൽ ഐക്യതയുണ്ടാകുവാനായി യേശു ശിഷ്യന്മാർക്ക് വേണ്ടി പ്രാർത്ഥിച്ചപ്പോഴും അവൻ ഇല്ലായിരുന്നു (യോഹ. 17:1–26).

## കർത്തൃമേശ ആചരിക്കൽ (26:26-29)

പല മതവിഭാഗങ്ങളും ഇന്ന് കർത്തൃമേശ വിവിധ രീതിയിൽ, ആഴ്ച്ചയുടെ പല ദിവസങ്ങളിൽ, പ്രത്യേക അവസരങ്ങളായ വിവാഹം, ശവസംസ്ക്കാരം, ജനനം, സ്നാനം എന്നിവയുമായി ബന്ധപ്പെടുത്തി ആചരിക്കുന്നുണ്ട്. അതിനൊന്നും ബൈബിൾ പിന്തുണയില്ല. ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ക്രിസ്ത്യാനികൾ കൂടി വരുമ്പോഴല്ലാതെ മറ്റു ദിവസങ്ങളിൽ എടുക്കുന്നത് ബൈബിൾ അധികാരപ്രകാരമല്ല. ഏറ്റവും ആദ്യമുള്ള ചരിത്രവിവരണം നോക്കിയാലും ഞായറാഴ്ച്ചയല്ലാതെ മറ്റു ദിവസങ്ങളിൽ ക്രിസ്ത്യാനികൾ കർത്തൃമേശ എടുത്തിരുന്നില്ല എന്നു കാണാം.

ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നത് ത്രോവാസിലെ ക്രിസ്ത്യാനികൾ “ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലായിരുന്നു ... അപ്പം നുറുക്കുവാൻ കൂടി വന്നത് എന്നാണ്” (പ്രവൃ. 20:27). കൊരിന്ത്യസഭയിലെ ക്രിസ്ത്യാനികളുടെ പരിശീലനവും അത്തരത്തിലായിരുന്നു (1 കൊ. 11:20, 21, 33; 16:2). പല നൂറ്റാണ്ടുകളോളം ക്രിസ്ത്യാനികൾ ഈ രീതിയിലാണ് പരിശീലിച്ചിരുന്നത് എന്ന് പ്രാരംഭ ചരിത്രകാരന്മാർ പറഞ്ഞിരിക്കുന്നു.[21] എന്തുകൊണ്ട് ക്രിസ്ത്യാ

നികൾ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ കർത്തൃമേശ എടുക്കണം? യേശു മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റത്, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളായ ഞായറാഴ്ച്ചയായിരുന്നു (28:1-7; ലൂക്കൊ. 24:1-7).[22] ഉയർത്തെഴുന്നേൽപിനുശേഷമുള്ള യേശുവിന്റെ പ്രത്യക്ഷതയെല്ലാം ഞായറാഴ്ച്ചയായിരുന്നു.[23] യേശു സ്വർഗാരോഹണം ചെയ്തത് ഞായറാഴ്ച്ചയായിരുന്നു (പ്രവൃ. 1:3, 9). ലോകത്തിൽ സഭ ആരംഭിച്ചത് ഞായറാഴ്ച്ചയായിരുന്നു (പ്രവൃ. 2:1), പെന്തെകൊസ്തുപെരുന്നാളുകൾ ആഘോഷിച്ചിരുന്നതെല്ലാം ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലായിരുന്നു (ലേവ്യ. 23:15-21). മറ്റേതെങ്കിലും ദിവസത്തെ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളായി കണക്കാക്കുവാനോ, കർത്തൃമേശ എടുക്കുവാനോ നമുക്ക് അധികാരമില്ല.

**കർത്തൃമേശ (26:26-29)**

കർത്തൃമേശയിൽ അഞ്ചു പ്രധാനപ്പെട്ട കാഴ്ച്ചപ്പാടുകൾ ഉൾപ്പെട്ടിരിക്കുന്നു:

1. മുകളിലേക്ക് നോക്കി സ്തോത്രം ചൊല്ലൽ (1 കൊ. 11:23-25);
2. ഓർമ്മക്കായി പുറകിലേക്ക് നോക്കൽ (1 കൊ. 11:24, 25);
3. പുറമെ നോക്കി പ്രഖ്യാപിക്കൽ (1 കൊ. 11:26);
4. പ്രതീക്ഷയോടെ മുൻപോട്ട് നോക്കൽ (1 കൊ. 11:26);
5. ഉള്ളിലേക്കു നോക്കുന്ന സ്വയ-പരിശോധന (1 കൊ. 11:27, 28).

---

കുറിപ്പുകൾ

[1]ജോസെഫസ് *വാഴ്സ്* 6.9.3. നോക്കുക മിഷ്നാ *പെസാഹിം* 5.1. [2]മിഷ്നാ *പെസാഹിം* 5.5-10; 7:1, 2. [3]യോഹന്നാൻ 13 ലെ അത്താഴം മിക്കവാറും പെസഹാ ഭക്ഷണമായി വ്യാഖ്യാനിക്കണം, അവിടെയായിരുന്നു യേശു കർത്തൃമേശ സ്ഥാപിച്ചത് (സംക്ഷിപ്ത സുവിശേഷങ്ങളിൽ വിവരിച്ചിരിക്കുന്നത്പോലെ). യോഹന്നാൻ 18:28-ൽ യെഹൂദ അദ്ധ്യക്ഷന്മാരോട് പറയുമ്പോൾ, "പെസഹാ മുഴുവൻ ഭക്ഷിക്കുന്നതിനെ" ആയിരിക്കാം പറയുന്നത്, അതിൽ പെസഹയും, പുളിപ്പില്ലാത്ത അപ്പം തിന്നുന്ന ദിവസങ്ങളും ഉൾപ്പെടുന്നു. അതിനെ കുറിച്ച് ഫ്രാങ്ക് പാക്ക് ചർച്ച ചെയ്തിരിക്കുന്ന *ദ ഗോസ്പെൽ എക്കോർഡിങ് ടു ജോൺ*, പാർട്ട്. 2, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1977), 42-44. യോഹന്നാൻ 19:14, 31, 42-ൽ പറയുന്ന "ഒരുക്കനാൾ" വെള്ളിയാഴ്ച്ചയായി കണക്കാക്കാം. പിലാത്തോസിന്റെ മുൻപിൽ യേശുവിനെ വിചാരണക്ക് കൊണ്ടുപോയത് ശബ്ബത്തിനു തലേ ദിവസമായിരുന്നു (അത് വരുന്നത് പെസഹായുടെ ആഴ്ച്ചയിലായിരുന്നു). [4]നോക്കുക മിഷ്നാ *പെസാഹിം* 10.1-9; ജോൺ ലൈറ്റ്ഫുട്ട്, *ഏ കമെന്ററി ഓൺ ദ ന്യുടെസ്റ്റമെന്റ് ഫ്രം ദ താൽമൂദ് ആന്റ് ഹെബ്രായിക്ക: മാത്യു-1 കൊരിന്ത്യൻസ്, വാല്യം. 2, മാത്യു - മാർക്ക്* (ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്, 1859; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ, 1979), 346-49. [5]യിസ്രായേൽ മക്കൾ മിസ്രയിമിൽ അനുഭവിച്ച കയ്പേറിയ അനുഭവത്തെ പ്രതിനിധീകരിക്കുന്നതായിരുന്നു കയ്പ് ചീര. ദൈവം അവരെ മിസ്രയിമിൽനിന്നു പെട്ടെന്നു വിടുവിച്ചുകൊണ്ടുവന്നതിന്റെ സ്മരണക്കായിരുന്നു പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കേണ്ടിയിരുന്നത് (മിഷ്നാ *പെസാഹിം* 10.5.) [6]ആ കുഞ്ഞാടിനെയായിരുന്നു ദൈവാലയത്തിൽ യാഗം അർപ്പിക്കേണ്ടിയിരുന്നത്.

അത് ആരംഭത്തിൽ യിസ്രായേലിന്റെ കടിഞ്ഞൂലുകളെ ദൈവം സംഹരിക്കാതിരുന്നതിനെ ഓർക്കേണ്ടതിനായിരുന്നു. (ഇബിഡ്). [7]യോഹന്നാൻ 13:26-ൽ, "കഷണം" (*പ്സോമിയോൺ*) എന്ന് പറഞ്ഞിരിക്കുന്നത് കുഞ്ഞാടിന്റെ മാംസക്കഷണം ആയിരിക്കാം, എന്നാൽ കൂടുതൽ സാധ്യത അപ്പക്കഷണം ആകുവാനാണ് (എൻഐവി; എൻആർഎസ്വി; എൻജെബി; എൻഇഞബി; ജെഎൻടി എന്നിവ നോക്കുക). യോഹന്നാൻ ഉദ്ധരിച്ച സങ്കീർത്തനം 41:9 മായി ഇതു യോജിക്കുന്നു. അവിടെ അവൻ "അപ്പം" (*ആർടോസ്*) എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത് (യോഹ. 13:18). [8]കർത്തൃമേശയെ "യൂക്കാരിസ്റ്റ്" എന്നു വിളിക്കുവാൻ തുടങ്ങിയത് രണ്ടാം നൂറ്റാണ്ടിൽ മാത്രമാണ്. (ഇഗ്നേഷിയസ് *ഫിലദേൽഫിയൻസ്* 4.1; *സ്മിർനിക്കൻസ്* 6.2; 8.1; *ഡിഡാക്കേ* 9.1, 5.) [9]മാർവിൻ ആർ. വിൽസൺ, "പാസോവർ," *ഇൻ ദ ഇന്റർനാഷ്ണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, റെവ. എഡി., എഡി. ജെഫ്രി ഡബ്ലിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1986), 3:678. [10]ലൂക്കൊസ് 22:17-20 നു ചുറ്റുമുള്ള വേദഭാഗ ബുദ്ധിമുട്ടുകൾ മനസിലാക്കുവാൻ, നോക്കുക ബ്രൂസ് എം. മെറ്റ്സ്ജർ, *ഏ ടെക്സ്ചൽ കമെന്ററി ഓൺ ദ ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്*, 2ഡ് എഡി. (സ്റ്റട്ട്ഗാർട്ട്: ജെർമൻ ബൈബിൾ സ്വസൈറ്റി, 1994), 148-50.

[11]ഇബിഡ്., 54. ലൂക്കൊസ് 22:20 ന്റെ വായന തർക്കമറ്റതാണ്. [12]ആദ്യത്തെ പാനപാത്രവുമായി ബന്ധപ്പെട്ടാണ് (അൽപ വ്യത്യാസമുണ്ടെങ്കിലും) ലൂക്കൊസ് വിവരിക്കുന്നത് (ലൂക്കൊ. 22:17, 18). [13]മിഷ്നാ *ബെരാക്കോത്* 6.1. [14]ജാക് പി. ലേവിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പാർട്ട് 2, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 147. [15]മിഷ്നാ *ബെരാക്കോത്* 7.5. [16]മിഷ്നാ *പെസാഹിം* 10.2, 4, 7. [17]താൽമൂദ് *പെസാഹിം* 108ബി. [18]ജസ്റ്റിൻ മാർട്ടിർ *അപോളജി* 1.67; ക്ലെമന്റ് ഓഫ് അലക്സാണ്ഡ്രിയ *ഇൻസ്ട്രക്ടർ* 2.2; സൈപ്രിയൻ *എപിസിൽസ്* 62.2. [19]ലേവിസ്, 148. [20]റൊണാൾഡ് ഏ. ഹാഗ്നെർ, *മാത്യു 14-28,* വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 33ബി (ഡള്ളാസ്: വേർഡ് ബുക്സ്, 1995) 775.

[21]*ഡിഡാക്കേ* 14.1; ജസ്റ്റിൻ മാർട്ടിർ *അപോളജി* 1.67; യുസേബിയസ് *എക്ലേസിയാസ്റ്റിക്കൽ ഹിസ്റ്ററി* 3.27. [22]യേശുവിന്റെ ഉയർത്തെഴുന്നേൽപും കർതൃദിവസത്തിലെ ആരാധനയും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നതായി അനേകം പ്രാരംഭ ക്രിസ്തീയ എഴുത്തുകാർ ഊന്നി പറഞ്ഞിട്ടുണ്ട് (*ബർന്നബാസ്* 15.8, 9; ഇഗ്നേഷിയസ് *മാഗ്നേഷിയൻസ്* 9; ജസ്റ്റിൻ മാർട്ടിർ *അപോളജി* 1.67; യുസേബിയസ് *എക്ലേസിയാസ്റ്റിക്കൽ ഹിസ്റ്ററി* 3.27). [23]ഡേവിഡ് എൽ. റോപ്പർ, പ്രവൃ. 1-14, ട്രൂത്ത് ഫോർ ടുഡേ കമെന്ററി (സിയേഴ്സി, ആർക്ക്.: റിസോഴ്സ് പബ്ലിക്കേഷൻസ്, 2001), 25.